LIBRARY ARCHIVES Kerala Legislative Assembly

സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട പ്രവർത്തനം

274 (2512) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. ടി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ടത്തിലെ 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2015 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

275 (2513) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ ആഫീസുകളെ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്ന ഏകീകരണ സമ്പ്രദായം ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ വകുപ്പുകളിൽ ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകളിന്മേലും പരാതികളിലും നടപടി നാമമാത്രമായി ചുരുങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവത്ക്കരണത്തിന്റെ പാതയിലാണ്. പൊതുജനങ്ങൾ അടുത്തിടപഴകുന്ന പ്രധാന വകുപ്പുകളായ റവന്യൂ, മോട്ടോർ വാഹനം, വാണിജ്യ നികുതി, പോലീസ്, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, രജിസ്ട്രേഷൻ, കൃഷി, ആരോഗ്യം, ട്രഷറി, ഭക്ഷ്യ പൊതു വിതരണം, സർവ്വേ, വനം, പൊതുമരാമത്ത്, ജലവിഭവം, എംപ്ലോയ്മെന്റ് തുടങ്ങിയ വകുപ്പുകളെല്ലാം കമ്പ്യൂട്ടർവത്ക്കരണവുമായി ബഹുദൂരം മുന്നോട്ട് പോയികഴിഞ്ഞു.

(ബി) കമ്പ്യൂട്ടർ ഏകീകരണ സംവിധാനം പ്രാവർത്തികമാക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ സ്റ്റേറ്റ് ഡാറ്റാ സെന്റർ (SDC), കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) എന്നിവ രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വിവിധ സർക്കാർ ആഫീസുകളിലുള്ള കമ്പ്യൂട്ടറുകളെ സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് അഥവാ KSWAN. ടി പദ്ധതി പ്രകാരം KSWAN ശൃംഖല സംസ്ഥാനത്ത് ബ്ലോക്ക് തലംവരെ ലഭ്യമാണ്. സംസ്ഥാനത്തെ 3320-ഓളം ആഫീസുകൾ ഈ ശൃംഖല മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന ശൃംഖലയായ നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് (NOFN) പദ്ധതി നടപ്പിലാക്കി വരുകയാണ്.

(സി) സംസ്ഥാനത്ത് ഓൺലൈൻ ആയി ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്നത് ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേനയാണ്. ഇ-ഡിസ്ട്രിക്ട് മുഖേന ഇതുവരെ ഒരു കോടി നാല്പ ലക്ഷത്തിൽപ്പരം അപേക്ഷകളാണ് ലഭ്യമായത്. ഇവയിൽ 92 ശതമാനത്തിലധികം അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന വില്ലേജാഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് മേൽനോട്ടം നിർവ്വഹിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ മുഴുവൻ വ്യാപാരികളും തങ്ങളുടെ മൂല്യവർദ്ധിത നികുതി (Value Added Tax) റിട്ടേണുകൾ ഫയൽ ചെയ്യുന്നതും, റിട്ടേൺ പ്രകാരമുള്ള നികുതി ഒടുക്കുന്നതും ഓൺലൈൻ മുഖേനയാണ്. മോട്ടോർ വാഹന വകുപ്പിൽ ഭൂരിഭാഗം അപേക്ഷകളും ഓൺലൈൻ മുഖേന സ്വീകരിച്ചാണ് നടപടികൾ കൈക്കൊള്ളുന്നത്. കോൾ സെന്ററുകൾ മുഖേന ലഭിക്കുന്ന പരാതികളിലും സത്വര നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) 2012-ലെ ഐ.ടി. നയത്തിലെ പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി വിഹിതത്തിന്റെ മൂന്ന് ശതമാനം ഇ-ഗവേണൻസ് പദ്ധതികൾക്കായി വകയിരുത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

1. സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എല്ലാ ഗവൺമെന്റ് വകുപ്പുകളുടെയും ഡാറ്റാ സൂക്ഷിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിവരുന്നു.
2. KSWAN വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.
3. പഞ്ചായത്ത് തലത്തിലുള്ള സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന പദ്ധതി (NOFN) നടപ്പിലാക്കി വരുന്നു.
4. ഇ-പ്രൊക്യൂർമെന്റ് പദ്ധതി എല്ലാ സർക്കാർ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
5. ഡിജിറ്റൽ ഫയൽ നീക്കം സാധ്യമാക്കുന്ന ഇ-ഓഫീസ് പദ്ധതിയിൽ കൂടുതൽ വകുപ്പുകളെ ഉൾപ്പെടുത്തിവരുന്നു.
6. ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വരുന്നു.
7. കൂടുതൽ സർക്കാർ സേവനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർവ്വീസ് പ്ലസ് പദ്ധതി വിപുലപ്പെടുത്തിവരുന്നു.
8. എല്ലാ സർക്കാർ സേവനങ്ങളേയും ഒരു ഏകീകൃത പോർട്ടലിന്റെ കീഴിൽ ഉൾപ്പെടുത്തുന്ന പദ്ധതിയായ SSDG സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

ടെക്നോസിറ്റി

276 (2514) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോസിറ്റിക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്. ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് സ്ഥലം കൈമാറിയിട്ടുള്ളത്;

(സി) സ്ഥലം ലഭ്യമായ ഏതെല്ലാം കമ്പനികളാണ് നിർമ്മാണത്തിന് തറക്കല്ലിട്ടത് ; അവയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly